# ക്രൈസ്തവ സഭയെ വിമർശിക്കുവർ  സഭയുടെ വിശുദ്ധിയും കാണണം. കർദ്ദിനാൾ  മാർ വർക്കി വിതയത്തിൽ

കൊച്ചി.  ക്രൈസ്തവ സഭയെ വിമർശിക്കുന്നവർ  സഭയുടെ വിശുദ്ധിയും പ്രവർത്തന മേഖലകളിലെ നന്മയും  കണ്ടെത്താൻ ശ്രമിക്കണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ  മാർ വർക്കി വിതയത്തിൽ പ്രസ്താവിച്ചു.
സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭയുടെ കേരളത്തിലെ എല്ലാ രൂപതകളിലെയും യുവജന നേതാക്കളുടെ ദ്വിദിന നേതൃസമ്മേളനത്തിൽ സമാപന സന്ദേശം നൽകി  സംസാരിക്കുക യായിരുന്നു കർദ്ദിനാൾ.  സഭയുടെ ചരിത്രം, പാരമ്പര്യം, കനോൻ നിയമങ്ങൾ എന്നിവയെക്കുറിച്ചു ശരിയായി പഠിക്കുവാൻ യുവതലമുറ തയ്യാറാകണം.  സഭയെ അധിക്ഷേപിക്കുന്നവർ സഭാ സത്യങ്ങളെക്കുറിച്ച് അറിവില്ലാത്തവരാണ്.  വിശ്വാസ സത്യങ്ങളിൽ അടിയുറച്ച്നിന്നു പ്രതികരിക്കുവാൻ യുവതലമുറ സജ്ജരാകണമെന്ന് കർദ്ദിനാൾ ആഹ്വാനം ചെയ്തു. സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്.  സഭയിലെ ഓരോ വ്യക്തിയും സഭയുടെ ദൗത്യത്തിൽ അവരുടെതായ തലങ്ങളിൽ നിന്നു കൊണ്ട് പങ്കുകാരാകേണ്ടതാണ്. ഈ ദൗത്യനിർവഹണത്തിൽ അല്മായരുടെ സജീവ പങ്കാളിത്വം ഉറപ്പു വരുത്തുവാൻ അല്മായ കമ്മീഷന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ എന്ന് കർദ്ദിനാൾ ആശംസിച്ചു.
സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 13 മുതൽ 15 വരെ സഭാ ആസ്ഥാനമായ കൊച്ചി മൗണ്ട് സെന്റ് തോമസിൽ ചേരുന്ന അന്തർദ്ദേശീയ അല്മായ അസംബ്ലി സഭയിൽ അല്മായ പങ്കാളിത്തം സജീവമാക്കുകയും, സഭ യുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ചെയ്യുമെന്ന്  കർദ്ദിനാൾ  മാർ വിതയത്തിൽ പ്രസ്താവിച്ചു.

സമാപന സമ്മേളനത്തിൽ സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. ബിജു മാത്യു അരീക്കാട്ട്, സാവിയോ പാമ്പൂരി, ജോപ്സി സേവ്യർ എന്നിവർ സംസാരിച്ചു. എറണാകുളം-അങ്കമാലി അതിരുപത സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് യുവജന പ്രതിനിധികളെ അഭിസംബോധന ചെയ്തു. സഭാ ചാൻസിലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ ലിറ്റർജിക്കൽ റിസർച്ച് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോളി കണ്ണൂക്കാടൻ,  പ്രൊക്കുറേറ്റർ ഫാ. മാത്യു പുളിമൂട്ടിൽ,  അഡ്വ. ജോസ് വിതയത്തിൽ, ഡോ. കൊച്ചുറാണി ജോസഫ്,  ഡോ. സാബു ഡി മാത്യു, അഗസ്റ്റിൻ ജോർജ്ജ് മഠത്തിപ്പറമ്പിൽ, ഡോ. സണ്ണിക്കുട്ടി തോമസ് എന്നിവർ നേതൃത്വം നൽകി.

**അഡ്വ. വി.സി. സെബാസ്റ്റ്യൻ**
**സെക്രട്ടറി**



**സീറോ മലബാർ സഭ അല്മായ കമ്മീഷൻ യുവജന നേതാക്കളുടെ ദ്വിദിന സമ്മേളനം ഉദ്ഘാടനം**

സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേർന്ന സഭയുടെ കേര ളത്തിലെ എല്ലാ രൂപതകളിലെയും യുവജന നേതാക്കളുടെ ദ്വിദിന നേതൃ സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ സമാപന സന്ദേശം നൽകുന്നുഅല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ, ബിജു മാത്യു അരീക്കാട്ട്, സാവിയോ പാമ്പൂരി, ജോപ്സി സേവ്യർ എന്നിവർ സമീപം.